

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - എറണാകുളം ജില്ലയിലെ മുടക്കുഴ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ ഐസക്ക് വർഗ്ഗീസ്, രായമംഗലം ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കവെ ജോലിയിൽ നിന്നും വിട്ട് നിന്ന 01.11.2008 മുതൽ 27.03.2011 കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം. **1227/2016**/തസ്വഭവ. തീയതി, തിരുവനന്തപുരം, **8/03/2016**

---

പരാമർശം: 1. ശ്രീ ഐസക്ക് വർഗ്ഗീസിന്റെ 10/07/2015 ലെ അപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 16.07.2015 & 01.09.2015 ലെ ഇ 6-11053/2015 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ മുടക്കുഴ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ ഐസക്ക് വർഗ്ഗീസ്, രായമംഗലം ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കവെ ജോലിയിൽ നിന്നും വിട്ട് നിന്ന 01.11.2008 മുതൽ 27.03.2011 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു.

2. 01.011.2008 & 02.11.2008 തീയതികൾ പരിവർത്തിതാവധിയായും 03.11.2008 മുതൽ 27.03.2011 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായി ക്രമീകരിക്കാനുമാണ് പരാമർശം 1 പ്രകാരം ടിയാൻ അപേക്ഷിച്ചിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു യഥാസമയം അവധിയപേക്ഷ സമർപ്പിക്കാതിരുന്നതിനാൽ ശ്രീ ഐസക്ക് വർഗ്ഗീസിന് രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടമായി. ആയതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിക്ക് അർഹതയില്ല. മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ മുടക്കുഴ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ ഐസക്ക് വർഗ്ഗീസിന്റെ 03.11.2008 മുതൽ 27.03.2011 വരെയുള്ള ഹാജരില്ലായ്മ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 01.11.2008, 02.11.2008 തീയതികളിലെ പരിവർത്തിതാവധി ടിയാന്റെ നിയന്ത്രണാധികാരിക്ക് അനുവദിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീകല സി.എസ്**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീ ഐസക്ക് വർഗ്ഗീസ് ,സീനിയർക്ലാർക്ക്, മുടക്കുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ധനവകുപ്പ് ( 138296/ആർബി2/2015/ധന നമ്പർ കുറിപ്പ്)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(459/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ